# G.H.S KALICHANADUKKAM





DIGITAL MAGAZINE

# E-EXPRESS



ലിറ്റിൽ കൈറ്റ് കുട്ടികളുടെ ഡിജിറ്റൽ മാഗസിൻ കുട്ടികൾക്ക് കൈറ്റ് നൽകുന്ന ഒരവസരമാണ് .IT രംഗത്ത് കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്

ഷേർലി ജോർജ്ജ്

ഹെഡ്മിസ്ട്രസ്

ജി.എച്ച് എസ് കാലിച്ചാനടുക്കം



ലിറ്റിൽകൈറ്റ് കട്ടികളുടെ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു എന്ന്

സ്റ്റാഫ് സെക്രട്ടറി
വി.കെ ഭാസ്കരൻ



ലിറ്റിൽകൈറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.
എന്ന്

സീനിയർ അസിസ്റ്റൻഡ്
ബാബു കെ.പി



ഗവ:ഹൈസ്കൂൾകാലിച്ചാനടുക്കത്തിലെ ലിറ്റിൽകൈറ്റ് കുട്ടികൾ വളരെ മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്. ഈ സർഗ്ഗാത്മക പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

Pramodini .P
SITC



STUDENT EDITOR Anjitha.K



# Editorial Board

## പൂന്തോട്ടം

എത്ര മനോഹരമാണ് എന്റെ പൂന്തോട്ടം
നാനാ ജാതി പൂക്കൾ വിരിഞ്ഞു നിൽക്കുന്നു എന്തു സുന്ദരം,
എന്തു മനോഹരമാണ് ഈ കാഴ്ച
കിളികൾ, കുരുവികൾ, പൂമ്പാറ്റകൾ തേൻ നുകരുന്നു
എന്തു സുഗന്ധമാണ് എന്റെ ഈ പൂക്കൾ.

-അനുഷ്ക.കെ.അജിത്

മകളേ... മാപ്പ്

ഭൂമിയിലും ആകാശത്തിലും പരന്ന നിശബ്ദത.ആ നിഷ്കളങ്കമായ ആ അമ്മയുടെ ചോദ്യത്തിന് ശേഷം ആ ഭൂമിയും ആകാശവും നിശബ്ദമായി. മകളുടെ മരണത്തിന് ആ ആകാശത്തിനും ഭൂമിക്കും പങ്കുണ്ടെന്ന് ആ അമ്മ വിശ്വസിച്ചിരുന്നു. മകൾ കണ്ട ആകാശത്തിൽ അവൾ ഇപ്പോഴും പറക്കുകയാണ്. ലക്ഷ്യം നേടാൻ ആഗ്രഹം സഫലീകരിക്കാൻ .

പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും അവൾ തന്നെയായിരുന്നു ഒന്നാമത്ത് – അല്ല അവൾ തന്നെയാണ് ഒന്നാമത്. സ്കൂൾ വിട്ട് വീട്ടിലേക്ക് വരാൻ അവൾക്ക് പേടിയാണ് . പേടി സ്വപ്നം അച്ഛനുമാണ്. കള്ളുകുടിച്ചെത്തുന്ന അച്ഛൻ അവളുടെ പാഠപുസ്തകങ്ങൾ വലിച്ചു കീറും.എതിർക്കാൻഎത്തുന്ന അമ്മയെ അയാൾ ക്രൂരമായി അടിക്കുകയും തൊഴിക്കുകയും ചെയ്യുമായിരുന്നു തന്റെമകൾ പഠിച്ച് നല്ല നിലയിൽ എത്തണമെന്നതാണ് ആ അമ്മയുടെ ആഗ്രഹം.വിമാനങ്ങളോട് അവൾക്കെന്നും അതിയായ മോഹമായിരുന്നു.ഒരിക്കൽ ഞാൻ പറപ്പിക്കുന്ന വിമാനത്തിൽ അമ്മയെ കയറ്റുമെന്ന് അവൾ അമ്മയ്ക്ക് വാക്ക് കൊടുത്തിരുന്നതായി ആ അമ്മ ഓർക്കുന്നു.എന്നാലും അവൾക്ക് അവളുടെ അച്ഛനെ ജീവനായിരുന്നു.തന്റെ അച്ഛൻ തന്റെ ജീവൻ എടുക്കുമെന്ന് അവൾ ചിന്തിച്ചതേയില്ല.പക്ഷെ അവളുടെ അച്ഛൻ പതിനെട്ടു വർഷങ്ങൾക്കു മുൻപ് ഇങ്ങനെ ആയിരുന്നില്ല.അവളുടെ അമ്മ നല്ലൊരു സമ്പന്ന സ്ഥിതിയുള്ള കുടുംബത്തിലായിരുന്നു.അവളുടെ അച്ഛനും അമ്മയും ഇഷ്ടത്തിലായിരുന്നു.ഒടുവിൽ അവരുടേ വിവാഹം രജിസ്ട്രാഫീസിൽ വച്ചു നടത്തേണ്ടി വന്നു.തുടങ്ങിയ രണ്ട് ബിസ്സിനസ്സുകളും തകർന്നത്തോടെ അവളുടെ അച്ഛൻ മുഴുകുടിയനായി.കൂട്ടിനു രണ്ടു തെമ്മാടികളായ സുഹൃത്തുക്കളുമുണ്ടായിരുന്നു.സാധനം വാങ്ങാൻ കടയിൽ പോയിരിക്കുകയായിരുന്നു.അവളുടെ അച്ഛൻ വീട്ടിനുള്ളിൽ മദ്യലഹരിയിൽ ഉറങ്ങുകയായിരുന്നു.ഓട്ടോയിൽ കാലന്റെ രൂപത്തിൽ അയാൾ വന്നിറങ്ങി.അച്ഛന്റെ തെമ്മാടി സുഹൃത്ത്.അയാൾ തന്റെ ഉരുണ്ട ചുവന്ന കണ്ണുകൾ കൊണ്ട് വീടിന് ചുറ്റും ഒന്ന് പരതി.അച്ഛന്റെ കൂർക്കം വലിയുണ്ട്.അല്ലാതെ അന്തരീക്ഷം വളരെ ശാന്തമാണ്.അയാൾ തന്റെ കാലുകൾ പതിയെ പതിയെ നീക്കികൊണ്ടിരുന്നു. അയാൾ അവളുടെ റൂമിന്റെ കതക് പതിയെ തുറന്നു.അവൾ 'ആരാ 'എന്ന് ചോദിക്കുന്നതിന് മുൻപ് തന്നെ അയാൾ അവളുടെ വായ പൊത്തിപിടിച്ചു.അവൾ അയാളുടെ കയ്യ്കടിച്ച് പറിച്ച് ഓടി അലറി വിളിച്ചു.അപ്പോഴേക്കും നാട്ടുകാർ ഓടിക്കൂടി.അമ്മയുമെത്തി.ആ അമ്മ അവളെ കെട്ടിപിടിച്ച് കാര്യങ്ങൾ തിരക്കുന്നുണ്ട്.അയാൾ ഒരു കൂസലുമില്ലാതെ വീട്ടിൽ നിന്നും ഇറങ്ങി പോയി.നടന്നു പോകുമ്പോൾ അയാൾ പറയുന്നുണ്ട് 'നിന്റെയച്ഛൻ എനിക്കൊരുപാട് കാശ് താരനുണ്ടെടി '.നാട്ടുകാർ അവളെയും അമ്മയെയും പഴിച്ചുകൊണ്ട് ഇറങ്ങിപ്പോയി. അവളുടെ അച്ഛൻ പറഞ്ഞത് കേട്ടപ്പോൾ അവൾ തിരിച്ചു പോയി.അവൾ ആ തെമ്മാടിയെ കല്യാണം കഴിക്കണം പോലും.അവൾ എത്ര എതിർത്താലും അയാൾ വിട്ടു കൊടുത്തില്ല...ഒടുവിൽ....അവൾ...

ആ അമ്മ വിലപിച്ചു കൊണ്ടേ ഇരുന്നു.അവളുടെ എരിഞ്ഞടങ്ങുന്ന ശവത്തിൽ നിന്നും പൊടിപടലങ്ങൾ ആകാശത്തേക്ക് പറന്നു.അവൾ പറക്കുകയായി. അമ്മയെ കൂട്ടാതെ......

ANANYA.C

## ജീവചരിത്രക്കുറിപ്പ്
## കുഞ്ചൻ നമ്പ്യാർ

പതിനെട്ടാം നൂറ്റാണ്ടിൽ പ്രമുഖ മലയാള ഭാഷാ കവിയാണ് കുഞ്ചൻ നമ്പ്യാർ.തുള്ളൽകവിതകൾ എഴുതുകയും അവയെ അഭിനയ ത്രൂപമായി അവതരിപ്പികുകയും ചെയ്ത മലയാള കവിശ്രേഷ്ഠൻകൂടിയാണ് അദ്ദേഹം. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ഓട്ടൻ തുള്ളൽ,ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നീ ഇനങ്ങളിലായി ധാരാളം സൃഷ്ടികൾ അദ്ദേഹം മലയാളത്തിൽ നൽകിട്ടുണ്ട് . കുഞ്ചൻ നമ്പ്യാർ ആദ്യം എഴുതി അഭിനയിച്ച തുള്ളൽ 'കല്ല്യാണ സൗഗന്ധികം' ആണ് . സാമൂഹിക വിമർശനങ്ങൾ നർമ്മത്തിലൂടെ അവതരിപ്പിക്കുകയാണ് ഇദ്ദേഹത്തിന്റെ മുഖമുദ്ര. കേരളീയ ത, സാധാരണക്കാരന്റെ ഭാഷ , മേ ലോക്തികൾ എന്നിവയും ജനകീയ കവി എന്ന് വിശേഷിക്കപ്പെടുന്ന . നമ്പ്യാരുടെ കൃതികളുടെ പ്രത്യേകതകളാണ്. പാലക്കാട് ജില്ലയിൽ കിള്ളി കുറിശ്ശി മംഗലത്ത കലക്കത്തു ഭവനത്തിൽ 1706 മെയ്യ് 5 ന് അദ്ദേഹം ജനിച്ചത്. ചെറുപ്പക്കാലത്ത് കുഞ്ചൻ നമ്പ്യാർ അമ്പലപ്പുഴ രാജാവിന്റെ ആശ്രയത നായിരുന്നു. മാർത്താണ്ഡ വർമ്മയുടെ കവി സദസ്സിലെ ഒരാൾ കൂടിയായിരുന്നു കുഞ്ചൻ നമ്പ്യാർ. 1770 ൽ അമ്പലപ്പുഴയിൽ വച്ച് പേപ്പട്ടി വിഷബാധയേറ്റാണ് അദ്ദേഹം മരിച്ചത് എന്നാണ് പറയപ്പെട്ടുന്നത്. ഫലിത സമ്രാട്ട്, കവിത ചാട്ടവാറാക്കിയ കവി തൂങ്ങിയ നാമവിശേഷണങ്ങളും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ : കല്യാണ സൗഗന്ധികം, കിരാതം, ശ്രീകൃഷ്ണചരിത്രം മണിപ്രവാളം, പഞ്ചതന്ത്രം കിപ്പാട്ട്

<u>**കാക്കക്കറുമ്പി**</u>

**ഉമ്മറത്തിണ്ണയിലിരുന്നു ഞാൻ പാടുമ്പോൾ കൂട്ടിനു വന്ന ഒരു കാക്കക്കറുമ്പി.**
**സ്നേഹം മഴ പോലെ മോഹമഴ പോലെ എന്നുള്ളിൽ ആനന്ദം കൊണ്ടുവന്നു നീ,**
**കൂട്ടില്ലാതെ ഒറ്റയ്ക്ക് ഞാനിരിക്കുമ്പോൾ അരികിൽ നീ സ്നേഹസ്വാന്തനമായി...**
**ഇന്നു ഞാൻ നിന്നെ തേടിടുന്നു എങ്ങു നീ പോയതൻ പ്രിയതമയെ**
**ഞാനിന്ന് ഒറ്റയ്ക്ക് പാട്ടുപാടിടുന്നു നീയെങ്ങു പോയതൻ  കൂട്ടുകാരി.**
**മോഹമഴയായി വന്നില്ല നീയിന്ന്**
**സ്നേഹ മഴയായി പെയ്തില്ല നീയെന്ന്**
**നീയെന്തിനെന്നെ തനിച്ചാക്കി പോയതു കൂട്ടുകാരി.......**

**- അനഘ എ എം**

# തെയ്യത്തിന്റെ  സമകാലിക പ്രാധാന്യം

ഉത്തര കേരളത്തിന്റെ  തനതു അനുഷ്ഠാന കലാരൂപമാണ് തെയ്യം. തുലാം മാസത്തിലെ പത്താം ഉദയം മുതൽ ഉണരുന്ന കാവുകളും ക്ഷേത്രങ്ങളും മുണ്ട്യകളും കഴകങ്ങളും  തറവാടുകളും പള്ളിയറകളും ഒക്കെ ചെണ്ട കൊട്ടുകളാലും ചിലമ്പൊലിയാലും മുഖരിതമാകുന്നു.മനയോല കൊണ്ട് മിനുക്കി കുരുത്തോല ചുറ്റി വൈവിധ്യമാർന്ന  വേഷഭാവാദികളോടെ അരങ്ങിലെത്തുന്ന ഓരോ തെയ്യ കോലങ്ങളും മഹത്തായ ഒരു സംസ്കാരത്തിന്റെ ദൃഷ്ടാന്തങ്ങളാണ്.ചെണ്ട,ചെണ്ട,കൊമ്പ്,ഇലത്താളുകളുടെ അകമ്പടിയോടെ സവിശേഷ നൃത്ത ചുവടുകളോടെ തെയ്യം അരങ്ങിലെത്തി ആടി തിമിർക്കുമ്പോൾ ആസ്വാദകരുടെ  മനസ്സ് ഭക്തിനിർഭരമാകുന്നു.

കാർഷിക  വി ളകൾക്കും മനുഷ്യനും ഗുണം വരുത്തി നാടിന്റെ ഐശ്വര്യം വർധിപ്പിക്കുന്നതാണ് തെയ്യത്തിന്റെ പൊതു ധർമ്മം എങ്കിലും ദുർഗ്ഗാ,കാളി,കുട്ടിച്ചാത്തൻ,യുദ്ധദേവതകൾ ,രോഗദേവതകൾ,വനമൂർത്തികൾ,നാഗയക്ഷികൾ തുടങ്ങിയ തമോഗുണപ്രദാനികളായ ദേവസ ങ്കൽപ്പങ്ങൾക്ക് ഊർവാരാധനയുമായി കാര്യമായ ബന്ധമില്ല.എന്നാൽ പാലന്തായി കണ്ണൻ ,കതിവനൂർ വീരൻ , കടാങ്കൊട്ട് മാക്കം , മുർചിലോട്ട് ഭഗവതി തുടങ്ങിയ ചില തെയ്യങ്ങൾ ത്യാഗനിർഭരമായ ഭൗമജീവിത്തിന് ശേഷം ദൈവ പരിവേഷം ലഭിച്ച് ആരാധനാ മൂർത്തികളായി പരിണമിച്ചവരുമാണ്. കൂടാതെ സമൂഹത്തിലെ ഫ്യൂടൽ വ്യവസ്ഥയുടെ തിക്ത് ഫലകങ്ങളിൽ നിന്ന് ഉയർന്നുവന്ന പൊട്ടൻ തെയ്യത്തെ പോലുള്ള വേറിട്ട സങ്കല്പങ്ങളും തെയ്യങ്ങളിൽ ഉണ്ട്.ഇത്തരത്തിലുള്ള പ്രാചീന സമൂഹത്തിൽ നിലനിന്നിരുന്നതിന്റെയും ചാതുർ വന്യത്തിന്റെയും തൊട്ടുകൂടായ്മയുടെയും അസഹിഷ്ണുതയിൽ നിന്ന് ഉയർത്തെഴുന്നേറ്റവരാണ്.സമൂഹത്തിലെ കൊള്ളരുതായ്മയ്ക്കെതിരെപരുത്തി വിരാഹുതി വരിച്ച അടിയാളനെ ദൈവ പരിവേഷം കൽപ്പിച്ച് പള്ളിയറകളിലോ കല്ലുകളിലും വിളക്കുകളിലോ ആദ്രുദ്ധം അർപ്പിച്ച് ആരാധിച്ചു പോരുന്നു.ആരാധന ഭക്തിക്കും ഭയത്തിനും വഴിമാറുമ്പോൾ മേലാളരിൽ നിന്നും ഒരു പ്രത്യേക ജനവിഭാഗത്തിന് നേരിടേണ്ടിവരുന്ന പീഡനങ്ങളിൽ പരിമിതികൾ വരുന്നു.അങ്ങനെ ചാതുർവണ്യം കൊടികുത്തി വാഴുന്ന കാലത്തും വിശ്വാസത്തിന്റെ പേരിൽ മേലാളർ കീഴാളനെ അംഗീകരിക്കേണ്ടി വരികയും അത് ഒരു സാമൂഹിക സന്തുലനത്തിനും ഇടവരുത്തിയെന്നും യാഥാർത്ഥ്യമാണ്.ക്രമേണ ഇത് ഒരു സംസ്കാരമായി പരിണമിക്കുകയും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു.മാപ്പിള തെയ്യം പോലുള്ള ദൈവ സങ്കല്പങ്ങൾ സമസ്ത ലോകത്തെ ഒരു കുടുംബമായി ഏക ഭാവനയുടെ കാണുക എന്നമഹത്തായ ആർഷ ഭാരത സംസ്കാരത്തിൻറെ നിദർശനംഎന്നതിലുംഒരു കമ്മ്യൂണിസ്റ്റ് ചിന്താഗതി കൂടിയാണ്.

.മണ്ണിലും വിണ്ണിലും ളുണിലും തുരുമ്പിലും ദൈവം ഇരിക്കുമ്പോൾ അത് ഓരോ മനുഷ്യനെയും സ്വയംതന്നിലേക്ക് നോക്കാനും തത്വമസി (അത് നീയാകുന്നു) എന്ന ഉന്നതമായ ആത്മീയ അറിവിലേക്ക് വഴി തുറക്കാനും പ്രാപ്തമാക്കുന്നു.മലയിൽ ചാമുണ്ഡി കാലിച്ചാൻ ദൈവം നാഗദേവത തുടങ്ങിയ ദൈവ സങ്കല്പങ്ങൾ കാടിനെയും കാവിനേയും കാലിച്ച മരത്തെയും പക്ഷി മൃഗാദികളെയും പരിപാലിക്കുന്നതിലൂടെ ജൈവവൈവിധ്യത്തിൻറെ സംരക്ഷണ ആകുന്നത്അതിദാരുണമായ പരിസ്ഥിതി ശിഥിലീകരണം നേരിടുന്ന ഇക്കാലത്ത് വളരെ പ്രസക്തമായ ഒരു വിഷയമാണ് .അതുപോലെതന്നെ ധാന്യവിളകളുടെയും കന്നുകാലികളുടെയും സംരക്ഷകയും പൂർവ്വര ദേവത തെയ്യം ആഗോള കമ്പോള സംസ്കാരത്തിൻറെ പിടിമലർന്ന് നമുക്ക് ഇതുവരെഅന്നമേ നെൽപ്പാടങ്ങളെ പോലും നികത്തി ഫ്ലാറ്റുകൾ പണിയുന്ന ആധുനിക മനുഷ്യൻറെ ലാഭ ചിന്തകൾക്കും മേൽ പൊയ്കണ്ണും ദംഷ്ട്രകളുമായി അരിവാളും തെരഞ്ഞം ഞാറു നട്ടും കട്ട കൊയ്ത്തും ലാസ്റ്റ് നൃത്തം അടി അവരുടെ മനസ്സുമാറ്റിയിരുന്നെങ്കിൽ നമുക്കിന്ന് അന്നത്തിനുവേണ്ടി മറ്റൊരാളുടെമുന്നിൽ കൈ നീട്ടുകരൻ വരില്ലായിരുന്നു എന്ന് അല്പം അതിശയക്തി പരം എങ്കിലും യാഥാർത്ഥ്യമാണ്.വിശ്വാസങ്ങളെ അന്ധവിശ്വാസങ്ങൾ കൊടികുത്തി വാഴുന്ന ആധുനികകാലത്ത് ക്ഷേത്രങ്ങളും ഉത്സവങ്ങളും നൽകുന്ന കൂട്ടായ്മയുടെ പാഠങ്ങൾ വളരെ വലുതും പ്രശംസനീയവും ആണ്.ഇവിടെ സങ്കുചിതമായ ഭക്തിയിലും പരി മുഴുവൻ ജനതയെയും ഒന്നായി കാണാനുള്ള വിശാലമനസ്കതയാണ് വളർന്നു വരുന്നത്.അതിലൂടെ ഒരു സമൂഹത്തിന് പുരോഗതിയും സാംസ്കാരിക മുന്നേറ്റവും സാധ്യമാകുന്നു.

കളിയാട്ട കാലങ്ങളിൽ ഒരു സമൂഹത്തിന്റെ വിവിധ ഗോത്ര വിഭാഗങ്ങളിൽ പെട്ടവർ സഹകരിക്കേണ്ടിവരുന്നു.ക്ഷേത്ര കോയ്മ മുതൽ കലശക്കാരൻ കോലക്കാരൻ കണിയാൻ വാദ്യക്കാർ കുഴലൂത്തുകാർ അലക്കുക എന്നീ വിഭാഗങ്ങളിലായി ബ്രാഹ്മണൻ നായർ നമ്പ്യാർ മണിയാണി ഈഴവൻ കുശവൻ മലയൻ മാരാർ തുടങ്ങി ചാതുർവർണ്യത്തിന്റെ വിവിധ ശ്രേണികളിൽ പെട്ടവർ ഒത്തു കൂടുന്നു.ഇത് അവരിൽ ഒരുമ വളർത്താനും ജാതിമത ചിന്തകൾ വളർത്തിയെടുക്കാനും സഹായിക്കുന്നു എന്നതിൽ തർക്കമില്ല.അതുപോലെതന്നെ മദ്യം തുടങ്ങിയ ലഹരിവസ്തുക്കൾ ക്ഷേത്രങ്ങളിൽ വർജ്ജിക്കുന്നത് സമൂഹത്തിൽ ഒരു ധാർമിക ബോധം വളർത്താനും അടിയുറച്ച വിശ്വാസത്തിലൂടെ ഓരോരുത്തരുടെയും മനസ്സിൽ നന്മ തിന്മകൾ വേർതിരിച്ച് നന്മ മാത്രം സ്വീകരിക്കുന്ന നിശബ്ദമായ വിധികർത്താക്കൾ ആയി മാറുമ്പോൾ അധോഗതിയിൽ നിന്നും പുരോഗതിയിലേക്ക് ചുവടുവയ്ക്കുന്നു ഓരോ കളിയാട്ടങ്ങളും ഉത്സവങ്ങളും മനുഷ്യന് മനുഷ്യനെ മനുഷ്യനായി കാണാനുള്ള മനസ്സും ഊർജ്ജവും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Ratheesh Kumar.K
HST Natural science

# കൊച്ചു പൂമ്പാറ്റേ

പാറി പാറി പറക്കുന്ന കൊച്ചു പൂമ്പാറ്റേ
എന്നെക്കൂടി കൂട്ടുമോ നിന്നൊപ്പം
എന്നരികിൽ വന്നിരിക്കുമോ
കൊച്ചു പൂമ്പാറ്റെ നിന്നെക്കാണാൻ എന്തു ഭംഗി
പൂവിതളിൽ വന്നിരുന്ന് പൂമധുരം ഊറ്റി ഊറ്റി കൊച്ചു
പൂമ്പാറ്റ പൂവുകൾക്ക് വട്ടമിട്ട് പറന്നിരുന്നു.
പറക്കുന്ന നിന്റെ ചിറകുകൾക്ക് എന്തു ഭംഗി
നീ എന്റെ വീട്ടിൽ വരുമോ ഞാൻ നിനക്ക് തേൻ
തരാം വാ..വാ.. വാ..

ശിവദ വിഎസ്

# THANKS